**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതി ഭൂമിയുടെ സാമൂഹ്യാഘാത പഠനം പൂർത്തിയായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സെക്ഷൻ 11(1), 19(1) എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതി ഭൂമിയുടെ വിശദമായ മൂല്യനിർണ്ണയം നടന്നു വരികയാണ്. |
| (സി) | പ്രസ്തുത സ്ഥലം, ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണോ അതോ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമാണോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2013ലെ ഭൂമി ഏറ്റെടുക്കൽ ചട്ടപ്രകാരം (RFCTLARR Act) ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ